"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി. - ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് 7 വാഹനങ്ങൾ വാങ്ങുന്നത് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2026/CSIND തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. ധനകാര്യ (പി.യു.-എ) വകുപ്പിന്റെ 28/11/2025 തീയതിയിലെ 3330137/പി.യു-എ1/164/2025/ധന നമ്പർ അനൗദ്യോഗിക കുറിപ്പ്
2. സ.ഉ.(സാധാ) നം.13/2026/സി.എസ്.ഐ.എൻ.ഡി, തീയതി 24/02/2026
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 31/12/2025 തീയതിയിലെ CEINKP/842/2025-F1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങാൻ 100 കോടി രൂപ അനുവദിക്കുന്നതായുള്ള 2025-26 ബജറ്റ് പ്രസംഗത്തിലെ 205-ാംഖണ്ഡികയിലെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന് കീഴിലുള്ള കനാൽ വികസന പ്രവൃത്തികൾ, പുറമ്പോക്കിലുള്ളവരുടെ പുനരധിവാസം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും ഫീൽഡ് ഓഫീസേഴ്സിന് യാത്രാസൗകര്യം ഒരുക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഉൾനാടൻ ജലഗതാഗത വകുപ്പ്, ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളിലേയ്ക്കുമായി 7 വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 7 വാഹനങ്ങൾ വാങ്ങുന്നതിനായി 70,74,709/- രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടറുടെ കാര്യാലയം, ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളിലേയ്ക്കുമായി ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 7 വാഹനങ്ങൾ വാങ്ങുന്നതിന് 5475-00-800-74-00-21-01 - PV fund for replacing phased out Goverment vehicles "എന്ന ശീർഷകത്തിൽ നിന്നും 70,74,709/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | കാര്യാലയത്തിന്റെ പേര് | വാഹനത്തിന്റെ മോഡൽ | ആവശ്യമായ തുക |
|---|---|---|---|
| 1 | ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ | ഇന്നോവ ക്രിസ്റ്റ ജി 7 സീറ്റർ | 19,06,010 |
| 2 | ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറുടെ കാര്യാലയം, കൊല്ലം | മാരുതി XL6 SMART HYBRID ZETAI. 5L MT | 9,48,399 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇൻലാൻഡ് നാവിഗേഷൻ ഡിവിഷൻ, കൊല്ലം | മഹീന്ദ്ര ബൊലേറോ B6 BSVI 2 | 8,44,060 |
|  | അസിസന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ |  |  |

| | | | |
|---|---|---|---|
| 4 | കാര്യാലയം, ഇൻലാൻഡ് നാവിഗേഷൻ സബ് ഡിവിഷൻ, കൊല്ലം | മഹീന്ദ്ര ബൊലേറോ B6 BSVI 2 | 8,44,060 |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇൻലാൻഡ് നാവിഗേഷൻ സബ് ഡിവിഷൻ, തിരുവനന്തപുരം | മഹീന്ദ്ര ബൊലേറോ B6 BSVI 2 | 8,44,060 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇൻലാൻഡ് നാവിഗേഷൻ സബ് ഡിവിഷൻ, വർക്കല | മഹീന്ദ്ര ബൊലേറോ B6 BSVI 2 | 8,44,060 |
| 7 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇൻലാൻഡ് നാവിഗേഷൻ സബ് ഡിവിഷൻ, കണ്ണൂർ | മഹീന്ദ്ര ബൊലേറോ B6 BSVI 2 | 8,44,060 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ശ്രീവത്സം ബിൽഡിംഗ്, കിടങ്ങാംപറമ്പ്, ആലപ്പുഴ

ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ വകുപ്പ്, ആശ്രാമം പി.ഒ., കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (നം.3170161/I&PW-A2/292/2025-FIN, തീയതി 10.03.2026 )

ധനകാര്യ (ബഡ്ജറ്റ് വിംഗ് - എഫ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ1/388/2025/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by

Bimal V

സെക്ഷൻ ഓഫീസർ

Date: 12-03-2026 10:24:45